17/08/2019

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ

## ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്കായിട്ടുള്ള സ്റ്റാർട്ടപ്പ് വായ്പാ പദ്ധതി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന വായ്പാ പദ്ധതി പ്രകാരം അപേക്ഷ ക്ഷണിക്കുന്നു.

പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നതാണ്. 3 ലക്ഷം രൂപവരെ കുടുംബവാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് പദ്ധതി പ്രകാരം അപേക്ഷിക്കാവുന്നതാണ്. 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 10 ലക്ഷം രൂപവരെ 7% പലിശ നിരക്കിലും, 10 ലക്ഷം രൂപയ്ക്ക് മുകളിൽ 8% പലിശ നിരക്കിലും വായ്പ അനുവദിക്കുന്നതാണ്. തിരിച്ചടവ് കാലയളവ് 84 മാസം വരെ. അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും പ്രൊഫഷണൽ കോഴ്സുകൾ (എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എസ്.എം.എസ്., ബി.ടെക്, ബി.എച്ച്.എം.എസ്., ബിആർക്ക്, വെറ്റിനറി സയൻസ്, ബി.എസ്.സി. അഗ്രികൾച്ചർ, ബി.ഫാം, ബയോടെക്നോളജി, ബി.സി.എ., എൽ.എൽ.ബി., എം.ബി.എ., ഫുഡ് ടെക്നോളജി, ഫൈൻ ആർട്ട്സ്, ഡയറി സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല.

ഈ പദ്ധതി പ്രകാരം മെഡിക്കൽ/ആയുർവേദ/ഹോമിയോ/സിദ്ധ/ദന്തൽ ക്ലിനിക്ക്, വെറ്റിനറി ക്ലിനിക്ക്, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ആർക്കിടെക്ച്ചറൽ കൺസട്ടൻസി, ഫാർമസി, സോഫ്റ്റ് വെയർ ഡവലപ്മെന്റ്, ഡയറി ഫാം, അക്വാകൾച്ചർ, ഫിറ്റ്നെസ്സ് സെന്റർ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ഓർക്കിഡ് ഫാം, ടിഷ്യു കൾച്ചർ ഫാം, വീഡിയോ പ്രോഡക്ഷൻ യൂണിറ്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കും. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം.

വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. ടി തുക അപേക്ഷകന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയും മാത്രമാണ് തിരിച്ചടയ്ക്കേണ്ടി വരുന്നത്.

പദ്ധതി പ്രയോജനപ്പെടുത്തി സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കുന്നതിന് തത്പരരായ പ്രൊഫഷണലുകൾ www.ksbcdc.com എന്ന കോർപ്പറേഷൻ വെബ്സൈറ്റ് വഴി 20/09/2019 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്ന പ്രൊഫഷണലുകളെ 30/09/2019 നകം കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ ഓഫീസിൽ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. അഭിമുഖം സംഘടിപ്പിക്കുന്ന തീയതി SMS / ഇ-മെയിൽ മുഖാന്തിരം അറിയിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ksbcdc.com എന്ന കോർപ്പറേഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

മാനേജിംഗ് ഡയറക്ടർ